(സി) ഈ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ 2001-2002, 2002-2003, 2003-2004, 2004-2005 എന്നീ വർഷങ്ങളിൽ ഓരോ വർഷത്തിലും എത്ര പ്രസവം നടത്തിയിട്ടുണ്ട് എന്ന് വെളിപ്പെടുത്താമോ ;

(ഡി) ഈ വർഷങ്ങളിൽ ഗൈനക്കോളജിസ്റ്റ് ഇല്ലാത്തത് ഏതെല്ലാം കാലത്താണ് എന്ന് വെളിപ്പെടുത്താമോ ?

ഉത്തരം

(എ, ബി) 30-6-2005-ൽ ഡോക്ടർ കെ. സുശീല ചാർജ് എടുത്തിട്ടുണ്ട്.

(സി)

2001-2002	..	1156
2002-2003	..	642
2003-2004	..	474
2004-2005	..	221

(ഡി) പ്രസ്തുത വർഷങ്ങളിൽ 19-1-2004 മുതൽ 29-6-2005 വരെയുള്ള കാലയളവിൽ ഗൈനക്കോളജിസ്റ്റില്ലായിരുന്നു.

ശ്രീ. ജയിംസ് സേവ്യറിന്റെ മെഡിക്കൽ റീ ഇമ്പേഴ്സ്മെന്റ് അപേക്ഷ

163. [932] ശ്രീ. ഇ. എം. അഗസ്തി : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ശ്രീ. ജയിംസ് സേവ്യർ, അസിസ്റ്റന്റ് പബ്ലിക് പ്രോസിക്യൂട്ടർ തന്റെ ഭാര്യയുടെ ചികിത്സാ ചെലവുകൾ റീഇമ്പേഴ്സ് ചെയ്തുകിട്ടുന്നതിനായി 17-2-2004 സമർപ്പിച്ച അപേക്ഷ തുടർനടപടികൾക്കായി ആരോഗ്യ വകുപ്പിൽ നിന്നും ജി. 2/49364/04 പ്രകാരം 10-11-2004-ൽ ഡി. എച്ച്. എസ്സ്-ന് നൽകിയിരുന്നത് പരിശോധിച്ച് ഗവൺമെന്റിന് തിരികെ നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വെളിപ്പെടുത്തുമോ ?

ഉത്തരം

6-11-2004-ൽ ആഭ്യന്തര വകുപ്പ് മുഖേന ആരോഗ്യ വകുപ്പിൽ ലഭിച്ചിരുന്ന ശ്രീ. ജയിംസ് സേവ്യറിന്റെ മെഡിക്കൽ റീഇമ്പേഴ്സുമെന്റ് അപേക്ഷ തുടർനടപടികൾക്കായി 10-11-2004-ൽ ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് നൽകിയിരുന്നു. ആരോഗ്യ വകുപ്പ് ഡയറക്ടർ പ്രസ്തുത ക്ലെയിം പരിശോധിച്ച ശേഷം ഗവൺമെന്റിന് തിരികെ നൽകിയിട്ടില്ല. പ്രസ്തുത അപേക്ഷയിൽ താഴെ സൂചിപ്പിക്കുന്ന പോരായ്മകൾ കാണുന്നതായി ആരോഗ്യ വകുപ്പ് ഡയറക്ടർ സൂചിപ്പിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

1. ചികിത്സക്ക് വിധേയമായിരുന്ന ആശുപത്രിയെ, സർക്കാർ റീഇമ്പേഴ്സ്മെന്റ് ആവശ്യത്തിന് അംഗീകരിച്ചിട്ടില്ല.

2. അസിസ്റ്റന്റ് സർജൻ നൽകിയതായി കാണുന്ന റഫറൽ ലെറ്ററിൽ ജില്ലാ മെഡിക്കൽ ഓഫീസർ മേലൊപ്പ് വച്ചിട്ടില്ല.

3. ഈ ചികിത്സാ രീതി പ്രധാനപ്പെട്ട സർക്കാർ ആശുപത്രികളിൽ ലഭ്യമാണ്.

ഈ വിവരങ്ങളുടെ അടിസ്ഥാനത്തിൽ ഉചിതമായ നടപടികൾക്കായി റിപ്പോർട്ട് സർക്കാരിന് ലഭ്യമാക്കുമെന്നും ആരോഗ്യ വകുപ്പ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

കാസർഗോഡ് ജില്ലാ ആശുപത്രിയിൽ സ്പെഷ്യാലിറ്റി യൂണിറ്റുകൾ

164. [933] ശ്രീ. എം. കുമാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാഞ്ഞങ്ങാട് സ്ഥിതി ചെയ്യുന്ന കാസർഗോഡ് ജില്ലാ ആശുപത്രിയിൽ എത്ര സ്പെഷ്യാലിറ്റി യൂണിറ്റുകൾ നിലവിലുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) ഒരു ജില്ലാ ആശുപത്രിയിൽ എത്ര സ്പെഷ്യാലിറ്റി യൂണിറ്റുകളാണ് വേണ്ടത് എന്നു വ്യക്തമാക്കാമോ ;

(സി) കാസർഗോഡ് ജില്ലാ ആശുപത്രിയിൽ ആകെ എത്ര ഡോക്ടർമാരും അനുബന്ധ ജീവനക്കാരുമുണ്ടെന്ന് വ്യക്തമാക്കാമോ ;

(ഡി) പുതുതായി എത്ര തസ്തികകളാണ് അനുവദിച്ചിരിക്കുന്നത് ; അവ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ ;

(ഇ) പുതുതായി സൃഷ്ടിച്ച തസ്തികകളിൽ നിയമനം നടത്തിയിട്ടുണ്ടോ ; ഇല്ലെങ്കിൽ നിയമനം നടത്താൻ നടപടി സ്വീകരിക്കുമോ ;

(എഫ്) ഒരു ജില്ലാ ആശുപത്രിക്ക് വേണ്ട തസ്തികകൾ കാസർഗോഡ് ജില്ലാ ആശുപത്രിയിൽ അനുവദിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ ഏതെല്ലാം തസ്തികകൾ ; ഈ തസ്തികകൾ ഉടനെ അനുവദിച്ച് അവയിൽ നിയമനം നടത്താൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) എട്ട് യൂണിറ്റുകളാണുള്ളത് .

(ബി) 19 യൂണിറ്റുകൾ.

LIBRARY ARCHIVES Kerala Legislative Assembly